(ബി) മേൽ പറഞ്ഞ പ്രകാരം തമിഴ്നാട് ശേഖരിക്കുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. ഈ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തമിഴ്നാട്ടിൽ നിന്നും ഉൽഭവിച്ച് കേരളത്തിലേക്ക് ഒഴുകുന്ന ചാലിയാർ തടത്തിൽ നിന്നും വെള്ളം ശേഖരിക്കുന്നതിന് 'മേൽ നദീതട അവകാശ' പ്രകാരം തമിഴ്നാടിന് അവകാശമുണ്ട്. മാത്രമല്ല, ചാലിയാറിലെ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ കരാറൊന്നും നിലവിലില്ല. എന്നാൽ തമിഴ്നാട് ചാലിയാറിന്റെ ഉൽഭവ സ്ഥാനത്ത് നിന്നും വെള്ളം ശേഖരിക്കുന്നത് കേരളത്തിന്റെ കീഴ് നദീതട അവകാശം ലംഘിക്കാതെ ആയിരിക്കണം. ഇക്കാര്യത്തിൽ കേരളം ജാഗ്രത പുലർത്തുന്നുണ്ട്.

വാട്ടർ അതോറിറ്റിക്ക് നഷ്ടം വരുത്തുന്നതിനെതിരെ നടപടി

42 [2758] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വാട്ടർ മീറ്റർ കേടാക്കിയ ശേഷം വാണിജ്യ സ്ഥാപനങ്ങളിലും വലിയ ലോഡ്ജുകളിലും മറ്റും ജലത്തിന്റെ ശരിയായ ഉപഭോഗം മറച്ചുവച്ചു വാട്ടർ അതോറിറ്റിക്ക് നഷ്ടം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഈ വിധത്തിലുള്ള നഷ്ടം ഒഴിവാക്കുവാൻ സമഗ്രമായ പരിശോധനയും പരിഹാരമാർഗ്ഗങ്ങളും ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധന നടത്താറുണ്ട്.

(സി) ക്രമക്കേടും നഷ്ടവും ഒഴിവാക്കുവാൻ വേണ്ട മുൻകരുതൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗാർഹികേതര വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ വാട്ടർ മീറ്ററുകൾ കേടാണെന്നോ അഥവാ പ്രവർത്തനരഹിതമാണെന്നോ ശ്രദ്ധയിൽപ്പെടുമ്പോൾ അവ അടിയന്തിരമായി മാറ്റി വയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഡിവിഷൻ തലത്തിൽ ക്രമക്കേടുകളും നഷ്ടങ്ങളും തടയുന്നതിനായി പ്രത്യേക സ്ക്വാഡുകളും സർക്കിൾ തലത്തിൽ ആന്റി വാട്ടർതെഫ്റ്റ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly